**വളരെ അടിയന്തിരം**

നം. ഇ.എക്സ്/സി.ജനറൽ1/34123/2018/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 23/10/2018

പ്രേഷകൻ

സെക്രട്ടറി
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം:- പൊ.വി.-പ്രളയക്കെടുതിയിൽ എസ്.എസ്.എൽ.സി ഉൾപ്പെടെ പൊതുപരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. ജി.ഒ (ആർ.റ്റി) 3412/2018/പൊ.വി.വ തീയതി: 07/09/2018
2. 20.08.2018, 07.09.2018, 17.09.2018 തീയതികളിലെ ഇതേ നമ്പർ കത്ത്.

വിദ്യാഭ്യാസ വകുപ്പ് വിതരണം ചെയ്ത വിവിധ സർട്ടിഫിക്കറ്റുകൾ പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കുന്നതിനായി സെപ്റ്റംബർ 29 വരെ ബന്ധപ്പെട്ട സ്കൂളുകളിൽ അപേക്ഷ സമർപ്പിക്കുന്നതിന് സൂചന (2) പ്രകാരം അവസരം നൽകിയിരുന്നു. തുടർന്നും അനേകം അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ **അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി നവംബർ 15 വരെ ദീർഘിപ്പിച്ചതായി ഇന്നുതന്നെ എല്ലാ പ്രഥമാദ്ധ്യപകരെയും അറിയിക്കേണ്ടതാണ്.**

ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ നവംബർ 17 ന് തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ അവ ക്രോഡീകരിച്ച് നവംബർ 19 ന് പ്രത്യേക ദൂതൻ വഴി ഈ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

**സ്കൂളുകളിൽ ലഭിക്കുന്ന അപേക്ഷകൾ തപാലിൽ അയക്കുകയോ ഇതിനായി അപേക്ഷകരെ നേരിട്ട് ഈ ഓഫീസിലേയ്ക്ക് വിടുകയോ ചെയ്യരുതെന്ന് എല്ലാ പ്രധാന അദ്ധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്.**

വിശ്വസ്തതയോടെ,

സെക്രട്ടറി

പകർപ്പ്:- എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും ( ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)